A

802

# സമഗ്ര ശിക്ഷാ, കേരളം

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2022-23

ക്ലാസ് : VIII

## മലയാളം

## കേരളപാഠാവലി

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- പതിനഞ്ച് മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം**
**(4 × 1 = 4)**

1. "ലോകമേ തറവാടു തനിക്കീ,ച്ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ."
ഈ വരികൾക്ക് യോജിക്കുന്ന ആശയം കണ്ടെത്തി എഴുതുക.
    - ചെടികളും പുൽകളും പുഴുക്കളും ഒരേ കുടുംബമല്ല.
    - എല്ലാ ജീവജാലങ്ങളും സ്വന്തം കുടുംബാംഗങ്ങളാണ്.
    - സ്വന്തം കുടുംബത്തെയും തറവാട്ടുകാരെയും പ്രധാനമായി കാണുന്നു.
    - സ്വന്തം കുടുംബത്തോടുള്ള പ്രത്യേകമായ ഇഷ്ടം.

2. "ഒരിക്കലും മുൻപേ നിശ്ചയിച്ചുറപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്റെ <u>സഞ്ചാരപഥങ്ങൾ</u>".
അടിവരയിട്ട പദത്തിന്റെ വിഗ്രഹാർഥം ഏത്?
    - സഞ്ചാരവും പഥങ്ങളും
    - സഞ്ചാരമാകുന്ന പഥങ്ങൾ
    - സഞ്ചാരത്തിന്റെ പഥങ്ങൾ
    - സഞ്ചാരം പോലുള്ള പഥങ്ങൾ

3. "ദിനംപ്രതി വന്ന വാർത്തകൾ മനുഷ്യസ്നേഹികളുടെ ഉറക്കം കെടുത്തി."
'ഉറക്കം കെടുത്തി' എന്ന പ്രയോഗം സൂചിപ്പിക്കുന്നത്?
    - ദുഃസ്വപ്നം കണ്ടു.
    - അസ്വസ്ഥരാക്കി.
    - ഉറങ്ങാൻ പ്രേരിപ്പിച്ചു.
    - നന്നായി ഉറങ്ങി.

4. "ഇത്രയും ചൊല്ലിപ്പിരിഞ്ഞുപോയുമ്മ, എ-
ന്നുൾത്തട്ടിൽ കാപട്യം വെന്തെരിഞ്ഞു"
ഈ വരിയിൽ 'കാപട്യം' എന്ന പദംകൊണ്ട് അർഥമാക്കുന്നത് എന്ത്?

- സന്തോഷം
- കള്ളത്തരം
- സ്നേഹം
- ആത്മാർഥത

5. മാതൃകപോലെ പിരിച്ചെഴുതുക.

- ചുള്ളിക്കമ്പ് - ചുള്ളി + കമ്പ്
- മയിൽപ്പീലി -

**6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക.**
**2 സ്കോർ വീതം (2 × 2 = 4)**

6. **അർഥവ്യത്യാസം വരാതെ രണ്ടുവാക്യമാക്കി എഴുതുക.**
സർക്കാർ സുരക്ഷാസംവിധാനങ്ങളും മത്സ്യത്തൊഴിലാളികളും സന്നദ്ധപ്രവർത്തകരും ജീവരക്ഷയ്ക്കായി എത്തിയപ്പോൾ നിങ്ങൾ ഏതു ജാതിയാണ്, ഏതു മതമാണ് എന്നാരും ചോദിച്ചില്ല.

7. "അന്നൊക്കെയെൻ നാട്ടിൽ ഭൂരിജനങ്ങൾക്കും
അന്നമൊരു സ്വപ്നമായിരുന്നു" (വേദം)
അക്കാലത്തെ സാമൂഹികാവസ്ഥ ഈ വരികളിൽ അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ?
വ്യക്തമാക്കുക.

8. 'കുരുവിക്കു കൂടുകൂട്ടാൻ വൻമരത്തിലെ ചെറുശാഖ മതി; ഉണങ്ങിയ ഇലകളും ചുള്ളിക്കമ്പുകളും മതി.' (ഭൂമിയുടെ സ്വപ്നം)
ഈ വാക്യത്തിൽ തെളിയുന്ന ഉണ്ണിയുടെ ജീവിത കാഴ്ചപ്പാടുകൾ വ്യക്തമാക്കുക.

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**
**4 സ്കോർ വീതം (5 × 4 = 20)**

9. "അഭിനയിക്കുന്നത് സ്വയംവരകൃഷ്ണന്റെ ഭാഗമാണ്." (കീർത്തിമുദ്ര)
-സൂചനയും പാഠഭാഗവും പരിഗണിച്ച് ആശാൻ തന്റെ കലാജീവിതത്തെക്കുറിച്ച് ഓർമ്മിച്ചത് എന്തെല്ലാമെന്ന് വിശദമാക്കുക.

10.

- 'കേരളത്തിലെ ദുരിതാശ്വാസക്യാമ്പുകൾ മനുഷ്യരെല്ലാം ഒരുപോലെയാണ് എന്ന ആശയത്തിന്റെ പ്രതീകങ്ങളായി.' (മാനവികതയുടെ തീർഥം)

'മാനുഷികമൂല്യങ്ങളുടെ മഹത്വമാണ് 'മാനവികതയുടെ തീർഥം' എന്ന പാഠഭാഗത്ത് ആവിഷ്കരിച്ചിരിക്കുന്നത്.'
-സൂചനകൾ വിശകലനംചെയ്ത് നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക.

11. 'ആത്മവിശ്വാസത്തിന്റെ കരുത്താണ് എക്കാലത്തും ജീവിതത്തിന്റെ നിലനിൽപ്പിനാധാരം.' 'ഭൂമിയുടെ സ്വപ്നം' എന്ന പാഠഭാഗത്തിലെ ഉണ്ണിയുടെയും അമ്മയുടെയും ജീവിതത്തെ മുൻനിർത്തി ഈ പ്രസ്താവനയോട് പ്രതികരിക്കുക.

12. "നന്നേ തിരക്കായിരുന്നു മോനേ.
പറ്റില മീൻകറിയുണ്ടാക്കാൻ; ഇക്കണ്ട
പട്ടിണിക്കാർക്കൊക്കെ കഞ്ഞിവേണ്ടേ?" (വേദം)

നന്മയുടെ ആൾരൂപമായ ചില അമ്മമാർ എന്നും സമൂഹത്തിന് പ്രതീക്ഷയും പ്രകാശവുമായി നിലകൊള്ളുന്നു. കാവ്യഭാഗം വിശകലനം ചെയ്ത് ലഘുകുറിപ്പ് തയാറാക്കുക.

13. "ബുദ്ധന്റെയും അശോകന്റെയും ശങ്കരാചാര്യരുടെയും മഹാത്മാഗാന്ധിയുടെയും രവീന്ദ്രനാഥ ടാഗോറിന്റെയുമൊക്കെ ജന്മസ്ഥലിയായ വിശ്രാന്തഭൂമിക. അശാന്തനഗരത്തിൽ നിന്ന് കൂടുവിട്ടു പറക്കാൻ മോഹിക്കുന്ന പക്ഷി തേടിയെത്തുന്ന നീലാകാശം."

(ഭൂമിയുടെ സ്വപ്നം)

ഈ വാക്യങ്ങളിൽ തെളിയുന്ന ഇന്ത്യയുടെ പ്രത്യേകതകൾ കണ്ടെത്തിയെഴുതുക.

14. "ശാശ്വതമഹിംസയാണമ്മഹാത്മാവിൻ വ്രതം;
ശാന്തിയാണവിടേക്കു പരദേവത പണ്ടേ."

ഗാന്ധിജിയെക്കുറിച്ച് വള്ളത്തോൾ ഇങ്ങനെ പറയുന്നത് എന്തുകൊണ്ടാവാം? നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

**6 സ്കോർ വീതം (2 × 6 = 12)**

15. • മഹദ്വ്യക്തികളുടെ സദ്ഗുണങ്ങൾ ഒരുമിച്ച് സമ്മേളിച്ച മഹാത്മാവാണ് ഗാന്ധിജി.
• മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി പ്രതിഫലേച്ഛകൂടാതെ പ്രവർത്തിച്ച ആൾ.
• പ്രശംസയെയും നിന്ദയെയും ഒരുപോലെ സമീപിച്ച വ്യക്തി.

സൂചനകളും 'എന്റെ ഗുരുനാഥൻ' എന്ന കവിതയിലെ ആശയങ്ങളും പരിഗണിച്ച് ഗാന്ധിജിയുടെ ജീവിതകാഴ്ചപ്പാടുകളെക്കുറിച്ച് ലഘു ഉപന്യാസം തയാറാക്കുക.

16. "ജാതി-മത-രാഷ്ട്രീയ പരിഗണനകൾ ഏതുമില്ലാതെ രക്ഷാപ്രവർത്തകർ പ്രവർത്തിച്ചതുകൊണ്ടാണ് മരണസംഖ്യയും മറ്റും കുറയ്ക്കാൻ കഴിഞ്ഞത്." (മാനവികതയുടെ തീർഥം)

"ഉള്ളലിഞ്ഞോതിനേൻ: എൻ ചോറുമാ കഞ്ഞി-
വെള്ളത്തിലിട്ടു വിളമ്പിക്കൊള്ളൂ." (വേദം)

തന്നിരിക്കുന്ന പാഠസന്ദർഭങ്ങളും കേരളത്തിലെ സമകാലിക അവസ്ഥകളും വിശകലനം ചെയ്ത് 'നമുക്ക് മാനവികതയുടെ കാവലാളാവാം' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

17. • നിരവധി നാഴികകൾ കളിപ്പെട്ടി തലയിലേറ്റി നടന്നിട്ടുണ്ട്.
• താനെന്നും ഇന്നും കലാസപര്യക്കുവേണ്ടി ജീവിതമുഴിഞ്ഞുവച്ചവനാണ്.
• ഇന്നത്തെ ചെറുപ്പക്കാരായ കളിയോഗത്തിലെ കുട്ടികൾക്കെന്തറിയാം? അവരൊക്കെ കലയെ കാര്യമായെടുക്കുന്നുണ്ടോ? (കീർത്തിമുദ്ര)

തന്നിരിക്കുന്ന സൂചനകളും പാഠഭാഗവും പരിഗണിച്ച് ആശാൻ എന്ന കഥാപാത്രത്തിന് നിരൂപണം തയാറാക്കുക.